**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2324.    13.02.2013 ൽ മറുപടിയ്ക്ക്

അനധികൃതമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിനെതിരെ നടപടി

| ചോദ്യം<br>ശ്രീ. എളമരം കരീം<br>,, പി.കെ. ഗുരുദാസൻ<br>,, സാജു പോൾ<br>ശ്രീമതി പി. അയിഷാപോറ്റി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഡീസൽവില വർദ്ധന കാരണം കെ.എസ്.ആർ.ടി.സി. റൂട്ട് കട്ട് ചെയ്തത് മുതലെടുത്ത് ദേശ - സാൽകൃത റൂട്ടുകളിലടക്കം സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) ദേശസാൽകൃതറൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്ന - തിനെതിരെ കോടതി വിധികൾ നിലനിൽക്കെ, സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയതായ പത്രവാർത്തകൾ ശ്രദ്ധയിൽ - പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (സി) | കാസർഗോഡ് മംഗളൂരു ദേശ സാൽകൃത റൂട്ടിൽ 22 സ്വകാര്യ ബസ്സുകൾക്ക് ഒരു മാസത്തേക്കുള്ള താൽക്കാലിക പെർമിറ്റ് നല്കിയെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അന്തർ സംസ്ഥാന റൂട്ടിൽ, ഇരു സംസ്ഥാനങ്ങളിലും ടാക്സ് അടച്ച് ഓടുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റോ/ പെർമിറ്റ് കൗണ്ടർ സിഗ്നേച്ചറോ ക്യാൻസൽ ചെയ്തതിനെതിരെയും പെർമിറ്റ് പുതുക്കുന്നതോ/ താത്കാലിക പെർമിറ്റ് കൌണ്ടർ സിഗ്നേച്ചർ |

ചെയ്യുന്നതോ നിരാകരിച്ചതിനെ-
തിരെയും പെർമിറ്റ് ഉടമസ്ഥന്മാർ എറണാകുളം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, മുൻപാകെ അപ്പീൽ സമർപ്പിച്ചു.

ടി അപ്പീലുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് അനുസരിച്ച് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പതിനാറ് (16) സ്വകാര്യ ബസ്സുകൾക്ക് സർവീസ് നടത്താനുള്ള അനുമതി നൽകി. അപ്പീൽ തീർപ്പാകാത്തതിനാൽ ടി ബസ്സുകൾക്ക് അപ്പീലിലെ ഇടക്കാല ഉത്തരവുകളിലൂടെ പെർമിറ്റ് ഓപ്പറേറ്റ് ചെയ്യാനുള്ള അനുമതി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ വീണ്ടും നൽകുക-
യുണ്ടായി. ഇതിന്റെ അടിസ്ഥാന-
ത്തിലാണ് കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പെർമിറ്റ് നീട്ടി നല്കിയിട്ടുള്ളത്.

രണ്ട് കർണ്ണാടക സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് കൗണ്ടർ സിഗ്നേച്ചർ കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ക്യാൻസൽ ചെയ്തതിനെതിരെ പെർമിറ്റ് ഉടമസ്ഥന്മാർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ, അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ നേടി സർവ്വീസ് നടത്തിവരുന്നു.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ, അപ്പീൽ ഫയൽ ചെയ്ത് ഇടക്കാല ഉത്തരവ് നേടിയ മേൽപ്പറഞ്ഞ 16 പേരിൽ 5 പേരും മറ്റ് 3 പേരും അടക്കം 8 പെർമിറ്റ് ഉടമസ്ഥന്മാർ കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. സ്റ്റേറ്റ് ട്രാൻസ്പോർട്ട്

| | | |
|---|---|---|
| | | അപ്പലേറ്റ് ട്രൈബ്യൂണൽ, അപ്പീലുകൾ 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്നും അപ്പീലിൽ നല്കിയ ഇടക്കാല ഉത്തരവുകൾ അപ്പീൽ തീർപ്പാകുന്നതു വരെ നില നിൽക്കുമെന്നും ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് ഹൈക്കോടതി റിട്ട് പെറ്റീഷൻ തീർപ്പാക്കി. അതിൽ 7 പെർമിറ്റ് ഉടമസ്ഥന്മാർ ഈ ഉത്തരവനുസരിച്ച് കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയെ സമീപിക്കുകയും ആയത് എൻഡോഴ്സ് ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ദേശസാൽകൃതറൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിൽ അഴിമതി നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) ദേശസാൽകൃതറൂട്ടുകളിലടക്കം അനധികൃതമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയതിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ? | (ഇ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുടമകൾ, ബഹു.സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തങ്ങളുടെ അന്തർ സംസ്ഥാന പെർമിറ്റ് റദ്ദാക്കിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ നടപടിക്കെതിരെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ സമർപ്പിച്ച പരാതികളിന്മേൽ, ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിനെ തുടർന്നാണ് അന്തർ സംസ്ഥാന റൂട്ടിൽ സ്വകാര്യ ബസ്സുകൾക്ക് താത്കാലിക പെർമിറ്റ് അനുവദിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിനെതിരെ, ബഹു. ഹൈക്കോടതിയിൽ അപ്പീൽ |

| | | |
|---|---|---|
| | | ഫയൽ ചെയ്യുവാനുള്ള നിയമ സാധുത സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.